ഉത്തരം

(എ) 2010 ജൂൺ 30 വരെ കോഴിക്കോട് ജില്ലയിൽ 523945 സി.എച്ച്. എണ്ണുകൾ വിതരണം ചെയ്തിട്ടുണ്ട്. സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ ഉള്ള വിതരണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) കോഴിക്കോട് ജില്ലയിൽ 30-6-2010-ലെ കണക്കനുസരിച്ച് സി.എഫ്.എൽ. വിതരണത്തിനായി 523945 സി.എഫ്.എൽ. വാങ്ങുന്നതിനായി 62.73 രൂപ നിരക്കിൽ 3,28,67,069.85 രൂപ ചെലവായി.

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല.

(ഡി) ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഐക്യരാഷ്ട്ര സഭയുടെ യു.എൻ.എൻ.സി.പി.യിൽ നിന്ന് അംഗീകാരം നേടിയ സി.എഫ്.എൽ. വിതരണ പരിപാടിയായ ബചത്ത് ലാമ്പ് യോജന സ്കീം മുഖാന്തിരം സംസ്ഥാനം നടപ്പാക്കിവരുന്ന ഒന്നരക്കോടി സി.എഫ്.എൽ. വിതരണത്തിന് കാർബൺ ക്രെഡിറ്റ് നേടിയെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആയതി നാൽ ബചത്ത് ലാമ്പ് യോജനയുടെ നടപടിക്രമങ്ങൾ പ്രകാരമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിന് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഒരു ധനസഹായവും നൽകുന്നില്ല.

സി.എഫ്.എൽ. വിതരണ പദ്ധതി

182 (4245) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന സി.എഫ്.എൽ. വിതരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുമോ ;

(ബി) ലഭിക്കുന്നെങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി മോണിറ്ററിംഗ് നടത്തുന്ന കേന്ദ്ര ഏജൻസി ഏതാണ് ?

ഉത്തരം

(എ&ബി) സി.എഫ്.എൽ. വിതരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികളിൽ നിന്നും സാമ്പത്തികസഹായം ഒന്നും ലഭിക്കുന്നില്ല.

(സി) പ്രസ്തുത പദ്ധതിയുടെ മോണിറ്ററിങ്ങ് നടത്തുന്ന കേന്ദ്ര ഏജൻസി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ആണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly